# ഫ്രണ്ട്സ് : ഇടതുപക്ഷ ഐ. ടി. ബദലിന് തിരിച്ചടി

പ്രത്യേക ലേഖകൻ

തൃശ്ശൂർ : ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ ഇടതുപക്ഷ ബദൽ പാളിപ്പോകുന്നതായി സൂചനകൾ. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച 'ഫ്രണ്ട്സ്' ജനസേവനകേന്ദ്രങ്ങളാണ് ഇതു സംബന്ധിച്ച സൂചനകൾ നൽകുന്നത്.

സർക്കാരുമായി ബന്ധപ്പെട്ട പല സേവനങ്ങളും, നികുതി -ഫീസ് പിരിവുകളും ഒരു കടക്കീഴിൽ കേന്ദ്രീകൃതമായി നടപ്പിലാക്കിയ ജനസേവനകേന്ദ്രങ്ങളാണ് ഫ്രണ്ട്സ്. അതിവേഗം ജനപ്രീതി നേടിയെടുത്ത ഈ കേന്ദ്രങ്ങൾ കേരളത്തിലെ ഇടതുപക്ഷജനകീയ ബദൽ ഐ. ടി. യുടെ ഏറ്റവും വലിയ ദൃഷ്ടാന്തമായാണ് കൊട്ടിഘോഷിക്കപ്പെട്ടിരുന്നത്.

എന്നാൽ കുപ്രസിദ്ധമായ ബൗദ്ധികസ്വത്തവകാശനിയമവുമായി ബന്ധപ്പെട്ട വടംവലികൾക്ക് 'ഫ്രണ്ട്സ്' വിധേയമാക്കപ്പെട്ടിരിക്കുന്നതായാണ് റിപ്പോർട്ടുകൾ. സർക്കാരിന്റെ എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്തി അനേകം ജീവനക്കാരുടെ സഹായത്തോടെ തയ്യാറാക്കിയ ഫ്രണ്ട്സ് സോഫ്റ്റ്‌വെയറിന്റെ ബൗദ്ധിക ഉടമസ്ഥരേഖകൾ കോംടെക് എന്ന കമ്പനിക്കു മാത്രം അവകാശപ്പെട്ടതാണ് എന്നാണ് വാദം ഉയർന്നിരിക്കുന്നത്. സോഫ്റ്റ്‌വെയറിന്റെ തിരുത്തലുകൾ നടത്താൻ മറ്റാർക്കും അവകാശമില്ല എന്നർത്ഥം. മുൻസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും 'ഫ്രണ്ട്സ്' വഴി കമ്പ്യൂട്ടർ സംവിധാനം സ്ഥാപിതമാകുന്നതോടുകൂടി കാലാകാലങ്ങളിൽ നടപടിക്രമങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ ഫ്രണ്ട്സിൽ ഉൾചേർക്കണമെങ്കിൽ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും കോംടെകിന് അവർ നിശ്ചയിക്കുന്ന തുക കപ്പം നൽകേണ്ടിവരും.

കോംടെക് കമ്പനിയും സർക്കാരിന്റെ വിവരസാങ്കേതികവിദ്യാ ഏജൻസിയായ സി-ഡിറ്റും തമ്മിലുണ്ടായ തർക്കത്തെ തുടർന്ന് ഫ്രണ്ട്സിന്റെ സോഫ്റ്റ്‌വെയർ ചുമതല സ്റ്റാൻഹോപ്പ് ടെക്നോളജീസ് എന്ന കമ്പനിയെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ ആ കമ്പനിയിലെ വിദഗ്ധരെ ബൗദ്ധികചോരണം ആരോപിച്ച് അറസ്റ്റ് ചെയ്യിക്കാനുള്ള ശ്രമമാണ് കോംടെക് നടത്തിയത്.

വമ്പൻ സാർവദേശീയക്കുത്തകകൾ പിന്തുടരുന്ന അതേ അടവുതന്നെയാണ് കോംടെകും പുറത്തെടുത്തിരിക്കുന്നത് എന്നാണ് ഇത് വ്യക്തമാക്കുന്നത്. ബദൽസോഫ്റ്റ്‌വെയർ നിർമ്മാണം തടസ്സപ്പെടുത്തി സർക്കാരിനെ മുട്ടുകുത്തിക്കുക എന്നതത്രേ അവരുടെ ലക്ഷ്യം. സാമ്രാജ്യത്വവാദികൾ അടിച്ചേൽപ്പിച്ച പുത്തൻ ബൗദ്ധികസ്വത്തവകാശനിയമം അതിന് കൂട്ടാവുകയും ചെയ്യും.

കേരളത്തിലെ ഇടതുപക്ഷത്തിന് ഇത് പുലിവാലായിത്തീരുന്നു എന്നതാണ് ശ്രദ്ധേയം. യു. ഡി. എഫ് ഐ. ടി. നയത്തിൽ നിന്നും വ്യത്യസ്തമായി ഐ. ടി. യെ എങ്ങനെ ജനജീവിതം മെച്ചപ്പെടുത്താൻ ഉപയോഗിക്കാം എന്നാണ് 'ഫ്രണ്ട്സി'ലൂടെ തങ്ങൾ കാണിച്ചുതരുന്നത് എന്നായിരുന്നല്ലോ അവരുടെ അവകാശവാദം. എന്നാൽ സർക്കാർ സംവിധാനത്തെ പടിപടിയായി സ്വകാര്യവൽക്കരണത്തിലേക്കു നയിക്കുന്ന അവസ്ഥയാണ് അതിലൂടെ സംജാതമായിരിക്കുന്നത്.